ടി.എം (2) 20540/2019

കാർഷിക വികസന കർഷക ക്ഷേമവകുപ്പ്
ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം.
തീയതി. 01/07/2019

# സർക്കുലർ

വിഷയം :- പച്ചത്തേങ്ങാ സംഭരണം പുന:രാരംഭിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ - പുതുക്കിയത് - സംബന്ധിച്ച് :-

സൂചന :-
1. സർക്കാർ ഉത്തരവ് (എം.എസ്സ്) നം .279/12/ കൃഷി, തീയതി 10.12.2012.
2. സർക്കാർ ഉത്തരവ് (എം.എസ്സ്)നം : 133/2017/ കൃഷി തീയതി 26.10.2017.
3. സർക്കാർ ഉത്തരവ്(കൈ)ന.86/2019/കൃഷി തീയതി 21.06.2019.
4. സർക്കാർ ഉത്തരവ് (കൈ) നം: 87/2019/ കൃഷി തീയതി 29.06.2019

*** *** ***

കേരളത്തിലെ കൃഷി ഭവനുകൾ വഴി പരാമർശം (1) പ്രകാരം കൃഷി വകുപ്പും, കേരഫെഡും സംയുക്തമായി നടപ്പിലാക്കി വരുന്ന പദ്ധതിയാണ് പച്ചത്തേങ്ങാ സംഭരണ പദ്ധതി. എന്നാൽ പച്ചത്തേങ്ങാ സംഭരണ പദ്ധതിയിൽ അപാകതകൾ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന്, പ്രാഥമിക കാർഷിക വിപണന സഹകരണ സംഘങ്ങൾ മുഖേന സ്വതന്ത്രവും, സുതാര്യവുമായ സംവിധാനത്തിലൂടെ പച്ചത്തേങ്ങാ സംഭരണ പദ്ധതി പുന:രാരംഭിക്കുന്നതിന് പരാമർശം (2) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

കേരഫെഡിൽ അംഗങ്ങളായ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ/ മാർക്കറ്റിംഗ് സഹകരണ സംഘങ്ങൾ/ കേന്ദ്ര നാളികേര വികസന ബോർഡിനു കീഴിലുള്ള നാളികേര ഉല്പാദക സൊസൈറ്റി/ഫെഡറേഷനുകൾ, ഡ്രയർ സൗകര്യമുള്ള മറ്റ് സൊസൈറ്റികൾ, കർഷകരിൽ നിന്നു നേരിട്ട്, ഗുണനിലവാരമുള്ള പച്ച നാളികേരം സംഭരിച്ച്, കേരഫെഡ് നിഷ്കർഷിച്ചിട്ടുള്ള ഗുണനിലവാരത്തിലുള്ള കൊപ്രയാക്കി കേരഫെഡിന് നൽകേണ്ടതാണ്. ഗുണനിലവാരത്തിൽ ഉണ്ടായേക്കാവുന്ന നഷ്ടം സംസ്കരണ ഏജൻസി സ്വന്തം നിലയിൽ വഹിക്കേണ്ടതാണ്. തൊണ്ടുകളഞ്ഞ ഉരുളൻ പച്ച തേങ്ങയ്ക്ക് കിലോയ്ക്ക് 27.00 രൂപയാണ് മേൽ സൂചന (4) പ്രകാരം നിലവിലെ സംഭരണ വില. കൂടാതെ മേൽ സൂചന (3) പ്രകാരം പച്ചത്തേങ്ങ സംഭരണത്തിനുള്ള സ്റ്റേറ്റ് ലെവൽ ഏജൻസിയായി കേരഫെഡിനേയും, കേന്ദ്ര സർക്കാർ മാനദണ്ഡങ്ങൾ പ്രകാരം കേരഫെഡ് വഴി കൊപ്ര സംഭരിക്കുന്നതിനായി നാഫെഡിനേയും ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട്.

ഇതിലേയ്ക്കായി ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു ;

1. എഫ്.എ.ക്യൂ നിലവാരത്തിലുള്ള കൊപ്ര ഉണ്ടാക്കി കേരഫെഡിന് നൽകുന്നതിന് അനുയോജ്യമായ നാളികേരമായിരിക്കണം കർഷകരിൽ നിന്നും സംഭരിക്കേണ്ടത്. ഗുണ നിലവാരത്തിലുണ്ടായേക്കാവുന്ന നഷ്ടം സംസ്കരണ ഏജൻസികൾ സ്വന്തം നിലയ്ക്ക് വഹിക്കേണ്ടതാണ്. സംഭരിക്കുന്ന നാളികേരം എഫ്.എ.ക്യൂ നിലവാരത്തിലുള്ള കൊപ്രയാക്കി പരമാവധി 30 ദിവസത്തിനകം കേരഫെഡ് ഫാക്ടറികളിൽ അംഗീകരിച്ച ഏജൻസികൾ എത്തിക്കേണ്ടതാണ്.

2. ഇപ്രകാരം സംഭരിക്കുന്ന നാളികേരത്തിന്റേയും കൊപ്രയുടേയും അതാത് ദിവസത്തെ വിലയും സ്റ്റോക്കും അന്നേ ദിവസം വൈകുന്നേരം 4.00 മണിയ്ക്ക് മുൻപായി കേരഫെഡിന്റെ മേഖലാ ഓഫീസുകളിൽ അംഗീകരിച്ച ഏജൻസി/സംഘങ്ങൾ ഇ-മെയിൽ സന്ദേശമായി അറിയിച്ചിരിക്കേണ്ടതാണ്. ഈ സന്ദേശത്തിന്റെ പകർപ്പ് ജില്ലാ കൃഷി ഓഫീസ്സർമാർക്കും നൽകേണ്ടതാണ്.

3. സംഭരിക്കുന്ന നാളികേരത്തിന്റെ വില കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് നേരിട്ട് ഡി.ബി.റ്റി മുഖേന സംഘങ്ങൾ/കേരഫെഡ് നൽകേണ്ടതാണ്. ഇതിനായി പേയ്മെന്റ് രജിസ്റ്ററുകൾ തുക നൽകുന്നവർ എഴുതി തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

4. തെങ്ങുകൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതി, തെങ്ങുകളുടെ എണ്ണം, വാർഷിക ഉല്പാദനം എന്നിവ സൂചിപ്പിക്കുന്ന ഒരു സാക്ഷ്യപത്രം, കർഷകർ അപേക്ഷിക്കുന്ന മുറയ്ക്ക് കൃഷി ആഫീസർ നൽകേണ്ടതാണ്. ഈ സാക്ഷ്യ പത്രത്തിന് ഒരു വർഷം കാലാവധി ഉണ്ടായിരിക്കും. (സർട്ടിഫിക്കറ്റിന്റെ മാതൃക ഉള്ളടക്കം ചെയ്യിരിക്കുന്നു.) താൻ പച്ചത്തേങ്ങ വിപണനം ചെയ്യാൻ ഉദ്ദേശിക്കുന്ന സ്ഥാപനത്തിൽ കർഷകർ ഈ സാക്ഷ്യപത്രം ഏൽപ്പിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. കൃഷി ഓഫീസ്സർ വിതരണം ചെയ്യുന്ന സർട്ടിഫിക്കറ്റുകൾ പരിശോധിച്ച് പേര് രജിസ്റ്റർ ചെയ്ത കർഷകരിൽ നിന്നും തെങ്ങ് ഒന്നിന് പരമാവധി 50 നാളികേരം ഒരു വർഷം എന്ന കണക്കിൽ മാത്രമേ സംഭരിക്കാൻ പാടുള്ളൂ. രജിസ്റ്റർ ചെയ്ത കർഷകന്റെ പേരും, വിശദ വിവരവും അടങ്ങുന്ന ഒരു രജിസ്റ്റർ കൃഷിഭവനിലും സംഭരണം നടത്തുന്ന സ്ഥാപനം സംഭരണ കേന്ദ്രത്തിലും സൂക്ഷിക്കേണ്ടതാണ്.

5. കർഷകരിൽ നിന്നും സംഭരിക്കുന്ന നാളികേരത്തിൽ നിന്നും നീക്കം ചെയ്യുന്ന തൊണ്ട് സംഭരിക്കുന്നതിനായി കയർ ഡെവലപ്പ്മെന്റ് ഡയറക്ടറുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടികൾ വിവിധ സംഭരണ ഏജൻസികൾ സ്വീകരിക്കേണ്ടതാണ്.

6. നാളികേര സംഭരണത്തിനായി നിയോഗിക്കപ്പെടുന്ന ഏജൻസികൾ കർഷകരിൽ നിന്നും നേരിട്ട് സംഭരിക്കുന്ന നാളികേരം ഉപയോഗിച്ച് എഫ്.എ.ക്യു നിലവാരത്തിലുള്ള 30% കുറയാത്ത കൊപ്ര ഉത്പാദിപ്പിച്ച് കേരഫെഡിന്റെ ഫാക്ടറികളിൽ സ്വന്തം നിലയ്ക്ക് എത്തിക്കേണ്ടതാണ്. കേരഫെഡ് ഫാക്ടറികളിൽ നിലവിലുള്ള പരിശോധന സംവിധാനം ഉപയോഗിച്ചായിരിക്കും കൊപ്രയുടെ ഗുണ നിലവാരം നിശ്ചയിക്കുന്നത്.

7. സംഭരണ സംസ്കരണ ഏജൻസികളെ തെരഞ്ഞെടുക്കുന്നത് ജില്ലാതലത്തിൽ കൃഷി വകുപ്പ് ജില്ലാ പ്രിൻസിപ്പൽ അഗ്രികൾച്ചറൽ ഓഫീസ്സർ സഹകരണ വകുപ്പ്, ഭരണ വിഭാഗം ജില്ലാ ജോയിന്റ് രജിസ്ട്രാർ, കേരഫെഡ് പ്രതിനിധി എന്നിവരുൾപ്പെട്ട സമിതിയായിരിക്കും. സൊസൈറ്റികളുടെ പ്രവർത്തന രീതിയും, വിശ്വസ്തതയും, വിലയിരുത്തി വേണം സംഭരണ ചുമതല ഏൽപ്പിക്കേണ്ടത്. സംഭരണ സംസ്കരണങ്ങൾ സംബന്ധിച്ചുണ്ടാകുന്ന പരാതികൾ പ്രസ്തുത സമിതി പരിശോധിച്ച് വിലയിരുത്തി കൃഷി വകുപ്പ് ഡയറക്ടർക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്. ടി സഹകരണ സംഘങ്ങളെ നിശ്ചയിക്കുന്നത് കൃഷി ഡയറക്ടറും, സഹകരണ സംഘം രജിസ്ട്രാറും CDB പ്രതിനിധിയും ചേർന്നാണ്.

8. നാളികേര സംഭരണത്തിനും, കൊപ്ര സംസ്കരണത്തിനുമായി തെരഞ്ഞെടുക്കപ്പെടുന്ന ഏജൻസികൾ കേരഫെഡുമായി നഷ്ടോത്തരവാദിത്വം ഉൾക്കൊള്ളുന്ന കരാർ ഒപ്പുവയ്ക്കേണ്ടതാണ്.

9. നാളികേരം ഉണക്കി കൊപ്രയാക്കുന്നതിന് ഡ്രയറുകളുള്ള സ്ഥാപനങ്ങൾക്ക് മുൻ ഗണന നൽകാവുന്നതാണ്. സ്വന്തം ഡ്രയറുകളില്ലാത്ത സൊസൈറ്റികൾ, കുടുംബശ്രീ, മറ്റ് കർഷക സംഘങ്ങൾ, സ്വയം സഹായക സംഘങ്ങൾ എന്നിവയുടെ സഹായത്തോടെ ഗുണ നിലവാരം നഷ്ടപ്പെടാതെ നാളികേരം കൊപ്രയാക്കി മാറ്റേണ്ടതാണ്.

10. സൊസൈറ്റികളിൽ തേങ്ങ സംഭരിക്കുന്നതുമായി ബന്ധപ്പെട്ട വിവരങ്ങൾ കർഷകർക്ക് നൽകുന്ന തുക / അളവ് തുടങ്ങിയവ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും, ആയത് ചുമതലപ്പെട്ടവർക്ക് പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്.

11. ഓരോ മാസത്തേയും സംഭരണം സംബന്ധിച്ച വിവരങ്ങൾ അതാതു സംഘത്തിന്റെ ബോർഡു മീറ്റിംഗ്ഗിൽ സമർപ്പിച്ച് അംഗീകാരം ലഭ്യമാക്കേണ്ടതാണ്.

12. ഡ്രയറുകളുടെ ഗുണ നിലവാരം, സംഭരിക്കുന്ന കൊപ്രയുടെ ഗുണനിലവാരം, കർഷകർക്ക് തുക നൽകുന്ന വിധം, നാളികേര സംഭരണവുമായി ബന്ധപ്പെട്ട ട്രാൻസ്പോർട്ടേഷൻ, സുതര്യത എന്നിവ സംബന്ധിച്ചതിലേയ്ക്കായി രൂപീകരിച്ച ജില്ലാതല സമിതി പരിശോധിച്ച് തീരുമാനം എടുക്കേണ്ടതാണ്.

13. പദ്ധതി സുതാര്യവും, കുറ്റമറ്റതുമാക്കി നടത്തുന്നതിന് സംസ്ഥാനാടിസ്ഥാനത്തി പരിശോധനാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനതലത്തിൽ APC (ചെയർമാനും), കൃഷി വകുപ്പ് ഡയറക്ടർ (സെക്രട്ടറിയായും), സഹകരണ സംഘം രജിസ്ട്രാർ, കേരഫെഡ്, നാഫെഡ്, സി.ഡിബി പ്രതിനിധികൾ എന്നിവർ അംഗങ്ങളാണ്. ജില്ലാ സമിതികളിൽ അതാതു ജില്ലകളിലെ പ്രിൻസിപ്പൽ അഗ്രികൾച്ചറൽ ഓഫീസ്സർ, സഹകരണ സംഘം ജില്ലാ ജോയിന്റ് രജിസ്ട്രാർ, കേരഫെഡ് പ്രതിനിധി എന്നിവർ അംഗങ്ങളായിരിക്കുന്നതാണ്.

14. കൃഷി ഭവനുകളിൽ നിന്നും കർഷകർക്ക് അനുവദിച്ച സർട്ടിഫിക്കറ്റിന്റെ ക്രോഡീകരിച്ച വിവരങ്ങൾ (പ്രൊഫോർമ അനുബന്ധം 2) ADA(M) രണ്ടാഴ്ച കൂടുമ്പോൾ 2-ആം വെള്ളിയാഴ്ച്ചയും, 4-ആം വെള്ളിയാഴച്ചയും ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ മേലൊപ്പോടെ ഈ ഓഫീസിലേയ്ക്ക് തരേണ്ടതാണ്

15. കൃഷി വകുപ്പിന്റെ ഫാമുകളിൽ ഉല്പാദിപ്പിക്കുന്ന നാളികേരം കൊപ്രയാക്കി കേരഫെഡിന് നൽകാവുന്നതാണ്.

**ഒപ്പ്**
**കാർഷിക വികസന**
**കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ**

Director of Marketing (Agri)
Directorate of Agriculture Development
Farmers Welfare Department
Vikas Bhavan,Thiruvananthapuram-3

**പകർപ്പ്** :- ഡയറക്ടറുടെ സി.എ-യ്ക്ക്
അഡീഷണൽ ഡയറക്ടർമാരുടെ സി.എ-യ്ക്ക്
എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസ്സർമാർക്കും
മാനേജിംഗ് ഡയറക്ടർ, കേരഫെഡ്
സെക്രട്ടറി, സ്റ്റേറ്റ് അഗ്രികൾച്ചറൽ പ്രൈസ്സസ് ബോർഡ്
IT Cell website- ൽ ഇടുന്നതിന്
FIB പ്രസിദ്ധീകരിക്കുന്നതിന്
സ്റ്റോക്ക് ഫയൽ
കോക്കനട്ട് ഡെ വലപ്പ്മെന്റ് ബോർഡ്,കൊച്ചി

17/7/19

<u>**അനുബന്ധം - 1**</u>

**നമ്പർ:**

**കൃഷി ഭവൻ: ...........................**

**തീയതി : ..............................**

## <u>സാക്ഷ്യപത്രം</u>

ശ്രീ.................................... (പേരും, പൂർണ്ണ മേൽവിലാസവും) യഥാർത്ഥ നാളികേര കർഷകനാണെന്നും, ടിയാൾക്ക് ....................................................... കൃഷിഭവൻ പരിധിയിലുള്ള സർവ്വേ നമ്പർ:...................................പ്പെട്ട ....... സെന്റ് ഭൂമിയിൽ കായ്ക്കുന്ന ................ എണ്ണം നാളികേര വൃക്ഷങ്ങൾ ഉള്ളതായും ഇവയിൽ നിന്നുള്ള വാർഷിക ഉത്പാദനം ............... എണ്ണമായി കണക്കാക്കുന്നു.

ഈ സാക്ഷ്യപത്രം .................................................. സംഘത്തിലേയ്ക്ക്/ ഏജൻസിയിലേയ്ക്ക് നൽകുന്നതിന് മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്നു.

ഈ സാക്ഷ്യപത്രത്തിന്റെ കാലാവധി ഇന്ന് മുതൽ 1 വർഷത്തേയ്ക്ക് മാത്രമാണ്.

**ഒപ്പ്**

**കൃഷി ഓഫീസർ ...............................**

**കൃഷിഭവൻ ...................................**

## പച്ചത്തേങ്ങ സംഭരണം 2019-20
## സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരങ്ങൾ

ജില്ല ....................................

| ബ്ലോക്കിന്റെ പേര് | കൃഷിഭവനുകൾ മുഖേന വിതരണം ചെയ്ത് സർട്ടിഫിക്കറ്റുകളുടെ എണ്ണം | | | പച്ചത്തേങ്ങയുടെ അളവ് (കൃഷി ഭവൻ മുഖേന രേഖപ്പെടുത്തിയത്) | | |
|---|---|---|---|---|---|---|
| | ഈ ആഴ്ച്ച നൽകിയത് | മുൻപുള്ള ആഴ്ച്ച നൽകിയത് | ആകെ | ഈ ആഴ്ച്ച നൽകിയ അളവ് | മുൻപുള്ള ആഴ്ച്ചയിലെ അളവ് | ആകെ |
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |
| **ആകെ** | | | | | | |

അർഹതയുള്ള സംഘങ്ങളുടെ എണ്ണം :

അനുമതി ലഭിച്ച സംഘങ്ങളുടെ എണ്ണം :

**പ്രിൻസിപ്പൽ കൃഷി ഓഫീസ്സർ**

**അനുബന്ധം - 3**

ജില്ല: ..........................................

**പച്ചത്തേങ്ങ സംഭരണം 2019-20**

**സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരങ്ങൾ**

കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ ഓഫീസ്സ് ..........................................

| കൃഷിഭവന്റെ പേര് | വിതരണം ചെയ്ത സർട്ടിഫിക്കറ്റുകളുടെ എണ്ണം | | | പച്ചത്തേങ്ങയുടെ അളവ് (സാക്ഷ്യ പത്രത്തിൽ രേഖപ്പെടുത്തിയത്) | | |
|---|---|---|---|---|---|---|
| | ഈ ആഴ്ച്ച നൽകിയത് | മുൻപുള്ള ആഴ്ച്ച നൽകിയത് | ആകെ | ഈ ആഴ്ച്ച നൽകിയ അളവ് | മുൻപുള്ള ആഴ്ച്ചയിലെ അളവ് | ആകെ |
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |
| ആകെ | | | | | | |